/67409/2022

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി , ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN - ന്റെ ഭാഗമായി ഗാർഹിക പീഢന നിരോധന ദിനാചരണ പരിപാടികൾ നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. സ ഉ (സാധാ) നം. 352/2022/വ ശി വി വ തീയതി, 02/08/2022

**<u>ഉത്തരവ് നം. DWCD/1508/2022-WEC 1 (2 ) തീയതി: 18-11-2022</u>**

ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തുടച്ചു നീക്കുന്നതിന്റെയും ഭാഗമായി INTERNATIONAL DAY OF ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN എല്ലാ വർഷവും നവംബർ 25 ന് രാജ്യവ്യാപകമായി ആചരിച്ചുവരുന്നു. കുടുംബത്തിനുള്ളിൽ സ്ത്രീകൾക്ക് നേരേ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ ഇന്ത്യയിൽ 2005 ൽ പ്രാബല്യത്തിൽ വന്ന നിയമമാണ് ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം. സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ CEDAW ഉടമ്പടിയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സിവിൽ നിയമമാണിത്.

ജീവിത പങ്കാളിയിൽ നിന്നുള്ള ശാരീരിക -മാനസിക-ലൈംഗീക അതിക്രമങ്ങൾ, കടുത്ത മനുഷ്യാവകാശ ലംഘനമാണ്. ഗാർഹിക അതിക്രമങ്ങൾക്ക് ആരും തന്നെ വിധേയരാവാൻ പാടില്ല എന്ന ലക്ഷ്യത്തോടുകൂടി അഭിഭാഷകർ പോലീസ് ഉദ്യോഗസ്ഥർ, ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റി, ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിൽ വകുപ്പ് , 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 14 ഷെൽറ്റർ ഹോമുകൾ, സ്വാധാർ - ഉജ്ജ്വല ഹോം അധികാരികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുമതി നൽകി പരാമർശ പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ചുവടെ പരാമർശിക്കുന്ന പ്രകാരം വനിത സംരക്ഷണ ഓഫീസർമാർ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

**2022 നവംബർ 28 മുതൽ ഡിസംബർ 10 വരെ വനിത സംരക്ഷണ ഓഫീസർമാർ സംഘടിപ്പിക്കേണ്ട വിവിധ പരിപാടികൾ**

| ക്രമ നം | തീയതി | വിഷയം |
|---|---|---|
| 1 | 28/11/2022 | ONE STOP CENTRE ലെ ജീവനക്കാർ മുഖാന്തിരം കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സ്ത്രീസുരക്ഷ നിയമങ്ങളെ സംബന്ധിച്ചും വകുപ്പിന്റെ സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| | | ആയതിലേക്ക് 3,000/- രൂപ അനുവദിക്കുന്നു. |
| 2 | 29/11/2022 | • INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN - ന്റെ ഭാഗമായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ച് (പൊൻവാക്ക്, രക്ഷാദൂത്, കാതോർത്ത്, One Stop Centre (OSC),) Shakti Sadan (erstwhile UJAWALA Homes and Swadhar Greh), SPC/SH, മഹിളാമന്ദിരങ്ങൾ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോമുകൾ, നിർഭയ പദ്ധതി, വകുപ്പ് നടപ്പിലാക്കുന്ന മറ്റ് സ്ഥാപനങ്ങൾ, സേവനങ്ങൾ എന്നിവ സംബന്ധിച്ചും മെഡിക്കൽ ലീഗൽ പ്രോട്ടോക്കോൾ പാലിക്കുന്നതിനെക്കുറിച്ചും MTP ACT നെക്കുറിച്ചും പോലീസ് അധികൃതർ, മെഡിക്കൽ ഓഫീസർമാർ, അഡ്വക്കേറ്റ്സ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് അവബോധം നൽകേണ്ടതാണ്.<br>•<br>ലഘു ഭക്ഷണം = 100*40 = 4,000/-<br>ബാനർ 1,000/-<br>ഹോണറേറിയം = 2000/-<br>ആകെ 7,000/- രൂപ<br>ജില്ലകളിൽ ടി പരിപാടി സിറ്റി പോലീസിന് പ്രത്യേകമായി ബോധവൽക്കരണ പരിപാടി നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അധികമായി ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രത്യേക ഉത്തരവ് പ്രകാരം ഫണ്ട് അനുവദിക്കുന്നതാണ്. |
| 3 | 03/12/2022 | <u>ജില്ലാതല വിധവ സെൽ</u> - ജില്ലതല വിധവസെൽ കമ്മിറ്റി കൂടേണ്ടതും വിധവകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യേണ്ടതും വിധവകൾക്കുവേണ്ടി നടപ്പിലാക്കുവാൻ കഴിയുന്ന പുതിയ പദ്ധതികൾ ശുപാർശ ചെയ്യേണ്ടതുമാണ്. മിനിറ്റ്സ്, തുടർപ്രവർത്തനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് 31/12/2022 ന് മുമ്പ് wcdwec@gmail.com എന്ന മെയിൽ അഡ്രസ്സിൽ സമർപ്പിക്കേണ്ടതാണ്. |
| 4 | 25/11/2022 മുതൽ 10/12/2022 വരെ | SPC/SH കൾ നടത്തുന്ന സംഘടന അവരുടെ സ്ഥാപനപരിധിക്കുള്ളിൽ ഫീൽഡ് തലത്തിൽ (അങ്കണവാടി തലം/പഞ്ചായത്ത് തലം) കുറഞ്ഞത് 5 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| 5 | 05/12/2022, 08/12/2022, 09/12/2022, 10/12/2022 | • At all സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ, ഷെൽറ്റർ ഹോം അധികൃതർ SH/SPC യിൽ വച്ച് പോലീസ് അധികൃതർ, ജനപ്രതിനിധികൾ, സംഘടന പ്രതിനിധികൾ, പൊതുജനങ്ങൾ, എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് SPC/SH വഴി നൽകുന്ന സേവനങ്ങളെക്കുറിച്ചും വകുപ്പിന്റെ മറ്റ് സേവനങ്ങളെക്കുറിച്ചും വനിത സംരക്ഷണ ഓഫീസർമാർ ബോധവൽക്കരണ ക്ലാസ് നൽകേണ്ടതാണ്. ടി ആവശ്യത്തിനായി ഒരു SPC/SH ന് 2,000/- രൂപാ നിരക്കിൽ ചെലവഴിക്കാവുന്നതാണ്.<br>• SPC/SH വഴി നടത്തുന്ന 2 പരിപാടികളുടെയും ആക്ഷൻ പ്ലാൻ തയ്യാറാക്കി വനിത സംരക്ഷണ ഓഫീസർമാർ ജില്ല വനിത ശിശു വികസന ഓഫീസറുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.<br>◦ കൂടാതെ ഡിസംബർ 10 ന് നടത്തുന്ന ജില്ലാതല നൈറ്റ് വാക്കിൽ WPO പങ്കെടുക്കേണ്ടതാണ്. |
| 6 | | ഡോക്യുമെന്റേഷൻ ചാർജ്ജ് -1,000/- |

ടി പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ചുവടെ പറയും പ്രകാരം ആകെ 3,62,000/-രൂപ (മൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ മാത്രം) വനിതാ സംരക്ഷണ ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ വനിത ശിശു വികസന ഓഫീസറുടെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണവും ആയിരിക്കണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്. വിവിധ പരിപാടികളുടെ നടത്തിപ്പിലേക്കായി അനുവദിച്ചിരിക്കുന്ന തുകയിൽ അധികരിക്കാത്തവിധം വിവിധ ആവശ്യങ്ങൾക്കായി തുക ക്രമീകരിക്കാവുന്നതാണ്. ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി വനിത സംരക്ഷണ ഓഫീസർമാർക്ക് അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | ജില്ല | ONE STOP CENTRE ലെ ജീവനക്കാർ മുഖാന്തിരം നടത്തുന്ന ബോധവൽക്കരണ പരിപാടിക്കായി അനുവദിക്കുന്ന തുക | സിവിൽ പോലീസ് ഓഫീസർമാർക്കും , മെഡിക്കൽ ഓഫീസർമാർ, അഡ്വക്കേറ്റ്സ് എന്നിവർക്കുമുള്ള ബോധവൽക്കരണ പരിപാടിക്കും | For event conducted in SPC | For event conducted in SH | വനിതസംരക്ഷണ ഓഫീസർമാർക്ക് അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ഡോക്കുമെന്റേഷനുമായും അനുവദിക്കുന്ന തുക(7000+ 1000) | | | |
| 1 | തിരുവനന്തപുരം | 3000 | 8000 | 12*2000 24000 | 2000 | 37,000 |
| 2 | കൊല്ലം | 3000 | 8000 | 4*2000 8000 | 2*2000 4000 | 23,000 |
| 3 | പത്തനംതിട്ട | 3000 | 8000 | 5*2000 10000 | 2000 | 23,000 |
| 4 | ആലപ്പുഴ | 3000 | 8000 | 4*2000 8000 | NIL | 19,000 |
| 5 | കോട്ടയം | 3000 | 8000 | 5*2000 10000 | 2000 | 23,000 |
| 6 | ഇടുക്കി | 3000 | 8000 | 6*2000 12000 | 2*2000 4000 | 27,000 |
| 7 | എറണാകുളം | 3000 | 8000 | 8*2000 16000 | NIL | 27,000 |
| 8 | തൃശ്ശൂർ | 3000 | 8000 | 12*2000 24000 | 2000 | 37,000 |
| 9 | പാലക്കാട് | 3000 | 8000 | 8*2000 16000 | 2000 | 29,000 |
| 10 | മലപ്പുറം | 3000 | 8000 | 6*2000 12000 | 2000 | 25,000 |
| 11 | കോഴിക്കോട് | 3000 | 8000 | 6*2000 12000 | 2000 | 25,000 |
| 12 | വയനാട് | 3000 | 8000 | 5*2000 10000 | 2000 | 23,000 |
| 13 | കണ്ണൂർ | 3000 | 8000 | 7*2000 14000 | 2000 | 27,000 |
| 14 | കാസർഗോഡ് | 3000 | 8000 | 2*2000 4000 | 2000 | 17,000 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 42000 | 112000 | 180000 | 28000 | 362000 |

ഇതിലേക്കാവശ്യമായ 3,62,000 /- രൂപ ( മൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-02-34-03 PLAN എന്ന ശീർഷകത്തിൽ നിന്നും വനിത സംരക്ഷണ ഓഫീസർമാക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക ജില്ല വനിത ശിശു വികസന ഓഫീസർമാർ അതാത് വനിത സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെൻറായി നൽകേണ്ടതാണ്. ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധനവിനിയോഗ സാക്ഷ്യപത്രവും ജില്ല വനിത സംരക്ഷണ ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. വെബ്സൈറ്റിൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്